# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 486

02.07.2013ൽ മറുപടിക്ക്.

### എമർജിംഗ് കേരളയിൽ ഉൾപ്പെടുത്തിയ വിവിധ മേഖലകളിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) വ്യവസായം, ആരോഗ്യം, ടൂറിസം എന്നീ മേഖലകളിൽ എമർജിംഗ് കേരളയിൽ ഉൾപ്പെടുത്തിയ പദ്ധതികളുണ്ടോ; എങ്കിൽ ആ പദ്ധതികൾ ഏതെല്ലാം; | എ) വ്യവസായം, ആരോഗ്യം, ടൂറിസം മേഖലകളിൽ എമെർജിംഗ് കേരളയിൽ ലഭിച്ച പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഓരോ മേഖലയിലും എത്ര കോടിയുടെ പദ്ധതികൾക്ക് വീതമാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | ബി) വ്യവസായ വകുപ്പിനു കീഴിൽ വരുന്ന പദ്ധതികളുടെ പ്രാഥമിക പരിശോധന നടന്നുവരികയാണ്. ഈ പദ്ധതികളെല്ലാം തന്നെ അതിന്റെ വിശദമായ സാദ്ധ്യതാ പഠനം, പരിസ്ഥിതി ആഘാത പഠനം, എൻവയോൺമെന്റ് ക്ലിയറൻസ് തുടങ്ങിയ വിവിധ ഘട്ടങ്ങളിലാണ്. ഇവ പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതികൾ പരിഗണിക്കപ്പെടുന്നതാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പദ്ധതികളിലൂടെ ആകെ പ്രതീക്ഷിക്കുന്ന മുതൽ മുടക്ക് 8444.95/- കോടിരൂപയുടേതാണ്. ഇതുകൂടാതെ ബി.പി.സി.എൽ കൊച്ചി റിഫൈനറി എക്സ്പാൻഷൻ പ്രോജക്ടിന്റെ മുതൽ മുടക്ക് 12,000 കോടിരൂപയാണ്.<br>ആരോഗ്യമേഖലയിൽ 4033.50 കോടി രൂപയുടേയും, ടൂറിസം മേഖലയിൽ 11763 കോടി രൂപയുടെയും പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചിട്ടുള്ളത്. അംഗീകാരം നൽകിയ പദ്ധതികളുടെ വിശദ വിരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| സി) അനുമതി നൽകിയ പദ്ധതികളുമായി ബന്ധപ്പെട്ട് അഴിമതികൾ നടന്നിട്ടുള്ളതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അഴിമതി രഹിതമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**